**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2646** **09/05/2017-ൽ മറുപടിയ്ക്ക്**

**മണ്ണ് പര്യവേഷണ പ്രവർത്തനങ്ങളും സോയിൽ ഹെൽത്ത് കാർഡ് വിതരണവും**

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീ.ചിറ്റയം ഗോപകുമാർ<br>ശ്രീമതി.ഗീതാ ഗോപി<br>ശ്രീ.വി.ആർ.സുനിൽ കുമാർ<br>ശ്രീ.മുഹമ്മദ് മുഹസിൻ.പി : | ശ്രീ.വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| (എ) മണ്ണ് പര്യവേഷണവും സംരക്ഷണവും വകുപ്പിന്റെ പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ; | (എ) മണ്ണ്, ജലം, ജൈവ സമ്പത്ത് എന്നീ അമൂല്യങ്ങളായ പ്രകൃതി വിഭവങ്ങളുടെ ശാസ്ത്രീയമായ വിവരശേഖരണം നടത്തുകയും മണ്ണിന്റെ ഘടന, രാസ ഭൗതിക സ്വഭാവങ്ങൾ, കഴിവുകൾ, പരിമിതികൾ എന്നിവ കൃത്യമായി അപഗ്രഥിച്ച് അതിന്റെ അടിസ്ഥാനത്തിൽ ആ പ്രദേശത്തിന്റെ സുസ്ഥിര വികസനത്തിനായുള്ള വികസന പദ്ധതികളും, വിവിധ മണ്ണ് ജല സംരക്ഷണ പദ്ധതികളും ശാസ്ത്രീയമായി നടപ്പിലാക്കുക എന്ന പ്രധാന ലക്ഷ്യത്തോടെയാണ് മണ്ണ് പര്യവേഷണ സംരക്ഷണ വകുപ്പ് പ്രവർത്തിക്കുന്നത്. |
| (ബി) സംസ്ഥാനത്തെ എല്ലാ കർഷകർക്കും സോയിൽ ഹെൽത്ത് കാർഡ് വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ ; | (ബി) മണ്ണ് പര്യവേഷണവും സംരക്ഷണവും വകുപ്പ്, കൃഷി വകുപ്പുമായി ചേർന്ന് 2015-16, 2016-17 എന്നീ സാമ്പത്തിക വർഷങ്ങളിലായി ആകെ 1.19 ലക്ഷം സോയിൽ ഹെൽത്ത് കാർഡുകൾ സൗജന്യമായി കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ട്. ഘട്ടം ഘട്ടമായി സംസ്ഥാനത്തെ മുഴുവൻ കർഷകർക്കും സോയിൽ ഹെൽത്ത് കാർഡുകൾ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ തുടർന്നു വരുന്നു. |
| (സി) സോയിൽ മ്യൂസിയം അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നു എന്ന് വ്യക്തമാക്കുമോ ? | (സി) വകുപ്പിന്റെ കീഴിലുള്ള സ്റ്റേറ്റ് സോയിൽ മ്യൂസിയം അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന്റെ ഭാഗമായി 2015-16 ൽ 23 ലക്ഷം രൂപയും 2016-17 ൽ 17.29 ലക്ഷം രൂപയും ചെലവഴിച്ച് അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ചിട്ടുണ്ട്. 18.66 ലക്ഷം രൂപ ചെലവിൽ അധികമായി പ്രദർശന വസ്തുക്കൾ ഒരുക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**